പ്രവർത്തകർ വാദികളായി 20 കേസ്സുകളും ബി.ജെ.പി. പ്രവർത്തകർ വാദികളായി 14 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ സംഭവങ്ങളിൽ 13 ബി.ജെ.പി. പ്രവർത്തകർക്കും 19 സി.പി.ഐ.(എം) പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്. ഈ സംഘട്ടനങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലും സി.പി.ഐ.(എം) പോഷക സംഘടനകളും ബി.ജെ.പി. പോഷക സംഘടനകളും തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ വാദികളായി 49 കേസുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായി 55 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 21-7-2015 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ബി.ജെ.പി. പ്രവർത്തകർ വാദികളായ 49 കേസ്സുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായ 67 കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ പ്രദേശത്ത് സമാധാന അന്തരീക്ഷം ഉണ്ടാകണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായ നിലപാട്. പോലീസ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ അതിനാവശ്യമായ മനഃസാന്നിദ്ധ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും അവരുടെ പാർട്ടി പ്രവർത്തകരെന്നുള്ള നിലയിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി അവിടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുകയെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

11.00 AM]

3. ആനുകൂല്യം അനുവദിക്കൽ

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, കേരളത്തിലെ ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ ഉടമകൾ, ടെക്നീഷ്യൻമാർ, പരസ്യ പ്രക്ഷേപകർ, അനുബന്ധ തൊഴിലാളികൾ എന്നിവരുൾപ്പെടെ ഏതാണ്ട് രണ്ട് ലക്ഷത്തോളമാളുകൾ പ്രത്യക്ഷമായും ഒരു ലക്ഷത്തോളമാളുകൾ പരോക്ഷമായും പണിയെടുക്കുന്ന മേഖലയാണ് ഉച്ചഭാഷിണി/ലൈറ്റ് ആന്റ് സൗണ്ട് മേഖല. എന്നാൽ നാളിതുവരെ ഇവർക്ക് ആനുകൂല്യങ്ങൾ നൽകുകയോ ഇവരെ ഏതെങ്കിലുമൊരു സംഘടിത തൊഴിലാളി വിഭാഗമായി പരിഗണിക്കുകയോ ചെയ്തതായി കാണാൻ കഴിയുന്നില്ല. കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക-സാമുദായിക-സാംസ്കാരിക മേഖലയ്ക്ക് ഒഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൂടാനാവാത്ത സേവനമാണ് ഇവർ ചെയ്യുന്നത്. അവരില്ലെങ്കിൽ ഈ രാജ്യത്ത് ഒരാഘോഷവും നടക്കുകയില്ലെന്നു പറയുന്നതാണ് സത്യം. എങ്കിലും അവരെ പൂർണ്ണമായും വിസ്മരിക്കുന്ന ഒരു സമീപനമാണ് ഇന്നുള്ളത്. ഇത്രയധികം ആളുകളുടെ ഉപജീവന മാർഗ്ഗമായ ഈ ജോലിക്ക് തൊഴിൽ വകുപ്പിന്റേയോ മറ്റേതെങ്കിലും വകുപ്പിന്റേയോ അംഗീകാരമോ പരിഗണനയോ ലഭിച്ചിട്ടില്ല. അവർക്ക് നിരവധി പ്രശ്നങ്ങളുണ്ട്. അത് വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടേണ്ട വിഷയമാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം അവരുടെ ജോലി സ്ഥിരതയില്ലായ്മയുമൂലവും ക്ഷേമനിധി പോലുള്ള–മറ്റുപദ്ധതികൾ ഇല്ലാത്തതുകൊണ്ടും ഇവർക്ക് യാതൊരു വിധത്തിലുള്ള സംരക്ഷണമോ ജോലി സുരക്ഷിതത്വമോ ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇവർക്ക് ക്ഷേമനിധിയും ആരോഗ്യ ഇൻഷ്വറൻസും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുവാനുള്ളത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെ ഉൾക്കൊള്ളുന്നു. പക്ഷേ പുതിയ ഒരു ക്ഷേമനിധി രൂപീകരിക്കുകയെന്നുള്ളത് ഇപ്പോഴത്തെ സാഹചര്യത്തിൽ അപ്രായോഗികമാണ്. നിലവിലുള്ള ക്ഷേമനിധികളുടെ എണ്ണം കുറച്ച് അതിനെ എങ്ങനെ ശക്തീകരിക്കാമെന്നതിനെക്കുറിച്ചാണ് ഇപ്പോൾ പൊതുവെ ചർച്ച ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് വർദ്ധിക്കുന്നതുൾപ്പെടെയുള്ള കാരണങ്ങൾ കൊണ്ട് ഇപ്പോൾ പല ക്ഷേമനിധികളും പ്രവർത്തനക്ഷമമല്ല. രണ്ട് ലക്ഷം ആളുകൾ നേരിട്ടും ഒരു ലക്ഷം ആളുകൾ പരോക്ഷമായും ഈ മേഖലയിൽ ജോലി ചെയ്യുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള കണക്കുകളല്ല ലേബർ ഡിപ്പാർട്ട്മെന്റിൽനിന്ന് ലഭിച്ചിട്ടുള്ളത്. അതുപോലും തൊഴിലാളികൾ ഈ മേഖലയിൽ ഇല്ലെന്നുള്ളതാണ്. അതുകൊണ്ട് പുതിയതായി ക്ഷേമനിധി ആരംഭിക്കുന്നത് സാധ്യമല്ലെങ്കിൽപ്പോലും കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെകീഴിലുള്ള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിന്റെകീഴിൽ ഇവർക്ക് അംഗങ്ങളാകാനുള്ള അവസരം കൊടുക്കാം. അതുവഴി അതിലെ അംഗങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങളും കവറേജും ലഭിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly